Page 1 of 2

ഈ തസ്തികകൾ ആവശ്യമായ എണ്ണം ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ മേഖലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സസ് കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ വളരെ കുറവാണെന്നകാര്യം കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മലപ്പുറം ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സസ് കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിലെ സീറ്റുകളുടെ പരിമിതിക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നേരത്തെ ഉണ്ടായിരുന്ന പ്രസ്തുത കോഴ്സ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാർ മേഖലയിൽ മലപ്പുറം ജില്ലയിൽ നിലവിലുണ്ടായിരുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സസ് ട്രെയിനിംഗ് സെന്റർ പുനരാരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണയിലില്ല.

**കെ.എം.എസ്.സി.എൽ. മുഖേന മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി**

239 (4964) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേക്ക് കോവിഡ് പ്രതിരോധ നടപടികൾക്കായി കെ.എം.എസ്.സി.എൽ. മുഖേന മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻ അനുവദിച്ചിരുന്ന എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് എത്ര ലക്ഷം രൂപയുടെ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. ആശുപത്രിയിലേയ്ക്ക് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേയ്ക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് KMSCL വഴി നാളിതുവരെ 15,78,553 (പതിനഞ്ച് ലക്ഷത്തി എഴുപത്തെട്ടായിരത്തി അഞ്ഞൂറ്റി അമ്പത്തിമൂന്ന് രൂപ) രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്യുകഴിഞ്ഞു.

(ബി) ഇനി നൽകാൻ ബാക്കിയുള്ള മെഡിക്കൽ ഉപകരണങ്ങൾ കൈമാറുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ നടപ്പാക്കിയപ്പോൾ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ കുറച്ചു നാൾ അടച്ചിട്ടിരുന്നതിനാലും, വിതര ണോത്തരവിൽ പരാമർശിച്ചിരുന്ന സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ കമ്പനിയിൽ ലഭ്യമല്ലാതിരുന്നത് കാരണവും ഉപകരണങ്ങൾ വിതരണം ചെയ്യാൻ കാലതാമസം നേരിട്ടിരുന്നു.

(സി) പ്രസ്തുത മെഡിക്കൽ ഉപകരണങ്ങൾ ഏത് ദിവസത്തിനകം നൽകാമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ; ബാക്കിയുള്ള സാധനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

വിതരണം ചെയ്യാൻ ബാക്കിയുള്ള ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇവ ഏതാണ്ട് മൂന്ന് മാസത്തിനുള്ളിൽ വിതരണം ചെയ്യാനാകുമെന്ന് കരുതുന്നു.

**വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം**

240 (4965) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബയോടെക്നോളജി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

കെ.എസ്.ഐ.ഡി.സി., ലൈഫ് സയൻസസ് പാർക്ക് പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കുന്നത്. കാര്യനിർവഹണ സൗകര്യാർത്ഥം ആദ്യ ഘട്ടത്തിൽ 75 ഏക്കറും രണ്ടാം ഘട്ടത്തിൽ 160 ഏക്കറും വീതം ഭൂമിയാണ് ഏറ്റെടുക്കാൻ തീരുമാനിച്ചത്. കോടതി കേസുകൾ കാരണം ഭൂമി ഏറ്റെടുക്കുന്നതിൽ ഗണ്യമായ കാലതാമസമുണ്ടായി, അതിന്റെ ഫലമായി ആദ്യ ഘട്ടത്തിൽ 70 ഏക്കർ ഭൂമിയും, രണ്ടാം ഘട്ടത്തിൽ 86 ഏക്കർ ഭൂമിയും നാളിതുവരെ ഏറ്റെടുത്തു കഴിഞ്ഞു. കോടതി കേസുകൾ കാരണം ബാക്കി ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. ആദ്യ ഘട്ടത്തിൽ വിവിധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ചെലവായി 374.73 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. പാർക്കിൽ അത്യാധുനിക ഓഫീസ് സ്ഥലം, ഇൻകുബേഷൻ സെൻറർ, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുള്ള ലാബ് മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ, വലിയതും സംയോജിതവുമായ ബയോ കമ്പനികൾക്ക് അവരുടെ കാമ്പസുകളും സജ്ജീകരിക്കാൻ ഉപയോഗപ്രദമായ മോഡുലാർ ഓഫീസുകളും ചെറുകിട, സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ആയി wet&dry ലാബുകൾ സ്ഥാപിക്കുന്നതിനായി വികസിപ്പിച്ച പ്ലോട്ടുകളും പാർക്കിൽ സജ്ജമാക്കുന്നുണ്ട്. 20 മീറ്റർവീതിയുള്ള Internal റോഡുകൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്